**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1019** **09-10-2024 - ൽ മറുപടിയ്ക്ക്**

**കണ്ണൂർ പയ്യാമ്പലത്ത് ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കണ്ണൂർ പയ്യാമ്പലത്ത് ടൂറിസം വകുപ്പിന്റെ കീഴിൽ നടപ്പിലാക്കുന്ന പയ്യാമ്പലം ബീച്ച് നടപ്പാതയുടെ രണ്ടാം ഘട്ടത്തിന്റെ പ്രവൃത്തി നടത്തിപ്പുമായി ബന്ധപ്പെട്ട് ഇറിഗേഷൻ വകുപ്പിന്റെ അനുമതിക്കായി ടൂറിസം വകുപ്പ് കത്ത് നൽകിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് നൽകാമോ; | (എ) | ഉണ്ട്. പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു. |
| (ബി) | ടൂറിസം വകുപ്പിൽ നിന്നും ലഭിച്ച കത്തിന് ജലസേചന വകുപ്പ് മറുപടി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ പകർപ്പ് നൽകാമോ; | (ബി) | ഉണ്ട്. പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു. |
| (സി) | പ്രസ്തുത കത്തുമായി ബന്ധപ്പെട്ട് വിശദവിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | വിനോദസഞ്ചാര വകുപ്പിന്റെ 11.10.2021 ലെ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച പയ്യാമ്പലം ബീച്ച് വാക്ക് വേ സൗന്ദര്യവൽക്കരണം ഫേസ് - 2 എന്ന ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ജലസേചന വകുപ്പിൽ നിന്നും എൻ. ഒ. സി. അനുവദിക്കുന്നതിന് ടൂറിസം ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും അപേക്ഷ ലഭിച്ചിരുന്നു. അപേക്ഷയും അനുബന്ധരേഖകളും പരിശോധിച്ചതിൽ ടൂറിസം വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ ഒപ്പ് വച്ചിട്ടില്ലാത്തതിനാൽ അപേക്ഷ പുന:സമർപ്പിക്കുന്നതിനായി തലശ്ശേരി ഇറിഗേഷൻ ഡിവിഷൻ എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയത്തിൽ നിന്നും വിനോദസഞ്ചാര വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർക്ക് തിരികെ നൽകിയിരുന്നു. എന്നാൽ പുന:സമർപ്പിച്ച രേഖകളും അപൂർണമായതിനാൽ കണ്ണൂർ ഇറിഗേഷൻ സെക്ഷൻ അസിസ്റ്റന്റ് എൻജിനീയർ ആയവ 05/10/2023-ാം തീയതിയിലെ കത്ത് നമ്പർ ISK/NOC/1/2022 പ്രകാരം തിരികെ നല്കിയിട്ടുണ്ട്. പൂർണ്ണമായ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

൦൪-൦൨-൨൩

അനുബന്ധം I

നമ്പർ. DD-KNR/-E1-621/2021

# ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

വിനോദസഞ്ചാര വകുപ്പ്,
ജില്ലാ കാര്യാലയം
കണ്ണൂർ 670002
Ph No :0497 -2702515
ddknr@keralatourism.org
http://www.keralatourism.org

http://www.keralatourism.org

തീയതി: 07.02.2023

പ്രേഷകൻ

ഡെപ്യൂട്ടി ഡയറക്ടർ

സ്വീകർത്താവ്

എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇറിഗേഷൻ ഡിവിഷൻ
ജൂബിലി കോംപ്ലക്സ്
തലശ്ശേരി

സർ

വിഷയം:- വിനോദ സഞ്ചാര വകുപ്പ് - ജില്ലാ ഓഫീസ് കണ്ണൂർ -ബ്യൂട്ടിഫിക്കേഷൻ ഓഫ് പയ്യാമ്പലം ബീച്ച് -ഫേസ് 2 -നിരാക്ഷേപ പത്രം അനുവദിക്കുന്നത് -സംബന്ധിച്ച് -നടപടികുറിപ്പ്

സൂചന:- 1.താങ്കളുടെ 19.01.2023 തീയ്യതിയിലെ നമ്പർ ഇ6 -700/2022(1) കത്ത്
2 .ഈ ഓഫീസിലെ 06.06.2022 തീയ്യതിയിലെ ഇതേ നമ്പർ കത്ത്
3 .ജി.ഒ.ആർ.ടി നമ്പർ.314/ 2021 തീയതി 11.10 .2021

സൂചനകളിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. സൂചനയിൽ മൂന്നാമതായി പരാമർശിച്ച സർക്കാർ ഉത്തരവുപ്രകാരം ബ്യൂട്ടിഫിക്കേഷൻ ഓഫ് പയ്യാമ്പലം ബീച്ച് വാക്ക് വെ കണ്ണൂർ -ഫേസ്-2 പദ്ധതിക്ക് ഭരണാനുമതിയായിരുന്നു . പദ്ധതിയുടെ വിശദമായ പദ്ധതിരൂപരേഖ സർക്കാർ ഏജൻസിയായ സിൽക്ക് നേരിട്ടായിരുന്നു ടൂറിസം ഡയറക്ടർക്ക് സമർപ്പിച്ചിരുന്നത് . ആയതിനാലാണ് ആദ്യഘട്ടത്തിൽ ഈ ഓഫീസിൽ നിന്ന് നേരിട്ട് നിരാക്ഷേപ പത്രത്തിന് കത്ത് നൽകാൻ സാധിക്കാതിരുന്നത്. പിന്നീട് സൂചന രണ്ടിലെ ബഹു.അഴീക്കോട് നിയോജക മണ്ഡലം എം.എൽ.എ യുടെ സാന്നിധ്യത്തിൽ ബഹു ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം നടപടികുറിപ്പ് താങ്കൾക്ക് അയച്ചുനല്കുകയുണ്ടായി . നിരാക്ഷേപ പത്രം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചാലും . താങ്കൾ നിർദ്ദേശിച്ച തീരദേശ പരിപാലന നിയമപ്രകാരമുള്ള നടപടികൾ ഉചിതമായ രീതിയിൽ സ്വീകരിക്കുന്നതിന് നിർവഹണ ഏജൻസിയോട് ആവശ്യപ്പെടുന്നതാണ്.

വിശ്വസ്തതയോടെ

Manoj T.C

Section officer

Scanned with OKEN Scanner

അനുബന്ധം-2

No.ISK/NOC/1/2022

അസിസ്റ്റന്റ് എഞ്ചിനീയറുടെ കാര്യാലയം
ഇറിഗേഷൻ സെക്ഷൻ, കണ്ണൂർ
തീയ്യതി.05.10.2023

പ്രേഷകൻ
അസിസ്റ്റന്റ് എഞ്ചിനീയർ

സ്വീകർത്താവ്
ഡെപ്യൂട്ടി ഡയറക്ടർ
വിനോദ സഞ്ചാര വകുപ്പ്
ജില്ലാ കാര്യാലയം, കണ്ണൂർ

സർ

വിഷയം- കണ്ണൂർ – പയ്യാമ്പലം-ബീച്ച് സൗന്ദര്യ വൽക്കരണം-ഘട്ടം2-നിലവിലുള്ള കടൽ ഭിത്തിയുടെ മുകളിലായി നടപ്പാത നിർമ്മിക്കുന്നത്-നിരാക്ഷേപ പത്രം അനുവദിക്കുന്നത്- അനുബന്ധ രേഖകൾ സാക്ഷ്യപ്പെടുത്തുന്നത് സംബന്ധിച്ച്.

സൂചന- 1. അങ്ങയുടെ കാര്യാലയത്തിലെ എഴുത്ത് നം. DD-KNR/1011/2023E1 തീയ്യതി 04/10/2023
2. എക്സിക്യൂട്ടീവ് എഞ്ചനീയർ ഇറിഗേഷൻ ഡിവിഷൻ തലശ്ശേരിയുടെ എഴുത്ത് നം. ഇ 6-700/2022 തീയ്യതി 13.07.2023.

സൂചന (1) ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. കണ്ണൂർ പയ്യാമ്പലം ബീച്ച് സൗന്ദര്യവത്കരണം ഘട്ടം - 2 ൽ നിലവിലുള്ള കടൽ ഭിത്തിയുടെ മുകളിൽ നടപ്പാത നിർമ്മിക്കുന്നതിന് നിരാക്ഷേപ പത്രം അനുവദിക്കുന്നതിന് ടൂറിസം വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തിയ അപേക്ഷയും അനുബന്ധ രേഖകളും ഈ കാര്യാലയത്തിൽ സമർപ്പിക്കുന്നതിന് സൂചന (2) പ്രകാരം അങ്ങയോട് നിർദ്ദേശിച്ചിരുന്നു.

സൂചന (2) എഴുത്തിൽ നിരാക്ഷേപ പത്രം അനുവദിക്കുന്നതിന് അപേക്ഷയും അനുബന്ധ രേഖകളും ഹാജരാക്കുന്നതായി അറിയിച്ചുകൊണ്ട് താങ്കളുടെ എഴുത്ത് ഈ കാര്യാലയത്തിൽ ലഭിച്ചെങ്കിലും അപേക്ഷ (Form No. 3A) ഡെപ്യൂട്ടി ഡയറക്ടർ, വിനോദസഞ്ചാര വകുപ്പ് കണ്ണൂർ തീയതി രേഖപ്പെടുത്താതെ ഒപ്പ ചാർത്തിയതും 100 രൂപയുടെ ഇ-ചെലാൻ രസീറ്റും ലൊക്കേഷൻ മാപ്പും വാക്ക് വേ സെക്ഷൻ ഡീറ്റയിൽസും ഡീറ്റയിൽഡ് എസ്റ്റിമേറ്റും ബന്ധപ്പെട്ട ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥർ ഒപ്പ രേഖപ്പെടുത്താതെയുമാണ് ഹാജരാക്കിയിട്ടുള്ളത്.

നിരാക്ഷേപ പത്രം അനുവദിക്കുന്നതിന് ഈ രേഖകൾ അപര്യാപ്തമാണ് എന്ന വിവരം അങ്ങയെ ബോധിപ്പിക്കുന്നു. സൂചന (2) പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ച് പുന:സമർപ്പിക്കുന്നതിന് അപേക്ഷയും ഒപ്പ രേഖപ്പെടുത്താത്ത അനുബന്ധ രേഖകളും ഈ എഴുത്തിന്റെ കൂടെ സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ

Sd/-
5/10/2023.
അസിസ്റ്റന്റ് എഞ്ചിനീയർ,
ഇറിഗേഷൻ സെക്ഷൻ
കണ്ണൂർ

True copy
Section officer
8/10/2024

സെക്ഷൻ ഓഫീസർ